# തേങ്ങയിടുന്ന പെൺകരുത്ത്

**ആർ വീണാറാണി**

കൂലിപ്പണിക്കാരിയായ ഓമന-ജീവിതം രണ്ടറ്റം കൂട്ടിമുട്ടിക്കുന്നതിനെപ്പറ്റി ആഴത്തിൽ ചിന്തിച്ചത്. പെരിയങ്ങാനത്തെ സീമയുടെ അവസ്ഥയും ഏതാണ്ട് ഇതുപോലെത്തന്നെ. ഒരുകൈ പയറ്റിനോക്കാനാണ് സീമയും ഭാർഗവിയും ഓമനയും ഉഷയുമെല്ലാം കൃഷിഭവനിൽ നടന്ന തെങ്ങുകയറ്റ പ്രായോഗിക പരിശീലനത്തിൽ പങ്കെടുത്തത്. ഒരാഴ്ചകൊണ്ട് ജീവിതം മാറിമറിയുമെന്ന് സ്വപ്നത്തിൽപ്പോലും ഇവരാരും വിചാരിച്ചില്ല. ഇന്ന് ഈ വനിതകളുടെ കൈക്കരുത്തിലാണ് കിനാനൂർ കരിന്തളത്തെയും സമീപപ്രദേശത്തെയും കേരകർഷകർ ആശ്വാസംകൊള്ളുന്നത്. തെങ്ങുകയറ്റ രംഗത്ത് യന്ത്രത്തിലൂടെ പുതിയ ചരിത്രം കുറിക്കുകയാണ് ഈ ധീരവനിതകൾ.

അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി അഥവാ 'ആത്മ'യിലൂടെയാണ് ഇവർക്ക് ആദ്യഘട്ട പരിശീലനം നൽകിയത്. ഒറ്റദിവസംകൊണ്ടുതന്നെ തെങ്ങുകയറ്റയന്ത്രം ഇവർക്ക് പരിചിതമായി. 'ആത്മ കപ്പാസിറ്റി ബിൽഡിങ്ങി'ന്റെ ഭാഗമായി ഗ്രൂപ്പിന് ഒരു തെങ്ങുകയറ്റയന്ത്രം സൗജന്യമായി നൽകി.

പ്രസ്തുത യന്ത്രം ഉപയോഗിച്ച് പരിശീലനം ഊർജിതമാക്കിയ ഈ വനിതകൾ ഒപ്പമുള്ള പുരുഷന്മാരെവരെ പിന്തള്ളിയാണ് ഈ രംഗത്ത് മികവു തെളിയിച്ചത്. ഒരു മാസംകൊണ്ടുതന്നെ സ്വന്തമായി തെങ്ങുകയറ്റയന്ത്രം വാങ്ങാനുള്ള തുക സ്വരൂപിക്കാൻ ഇവർക്കു സാധിച്ചത് 'ആത്മ'യുടെ എടുത്തുപറയേണ്ട നേട്ടം. കാഞ്ഞങ്ങാട് റെയ്ഡ്കോ മുഖേനയാണ് തെങ്ങുകയറ്റയന്ത്രം ലഭ്യമാക്കിയത്. ആത്മയിൽ തുടങ്ങിയ പരിശീലനം കാസർകോട് കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തിന്റെ കൃഷിവിജ്ഞാനകേന്ദ്രത്തിലെ ഒരാഴ്ചത്തെ പരിശീലനത്തോടെയാണ് അവസാനിച്ചത്. തെങ്ങയിടുന്നതിൽ മാത്രമല്ല, കീടരോഗനിയന്ത്രണത്തിലും മണ്ട വൃത്തിയാക്കുന്നതിലും സീമയും സംഘവും പ്രാവീണ്യം തെളിയിച്ചു.

ഇന്ന് 10 മീറ്റർ ഉയരമുള്ള വളഞ്ഞുപുളഞ്ഞുപോയ തെങ്ങിൽ കയറാൻ 28 സെക്കൻഡേ സീമയ്ക്ക് ആവശ്യമുള്ളൂ. കാസർകോട് ജില്ലയിലെ തെങ്ങുകയറ്റ മത്സരങ്ങളിലെ ആദ്യസ്ഥാനങ്ങൾ ഈ വനിതാരത്നങ്ങൾക്കുതന്നെ. ദിവസം 50 തെങ്ങുകൾ കയറുന്നതാണ് ഇവരുടെ രീതി. തെങ്ങൊന്നിന് 20 രൂപ കൂലി. ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ആവശ്യക്കാർക്ക് മുൻകൂട്ടിയുള്ള ഓർഡർ അനുസരിച്ച് ഇവരുടെ സേവനം ലഭിക്കും. നാലുപേരും ടീമായി പോകുന്നതുകൊണ്ടുതന്നെ കേരകർഷകർക്കും സൗകര്യമാണ്.

റെയ്ഡ്കോയിലെ ഉദ്യോഗസ്ഥനായ രവീന്ദ്രനാണ് ഇവരുടെ ആദ്യ ഗുരു. ആത്മ പ്രോജക്ട് ഡയറക്ടർ എം സി തിലകന്റെയും പ്രിൻസിപ്പൽ കൃഷി ഓഫീസറായിരുന്ന എസ് ശിവപ്രസാദിന്റെയും കൃഷിവിജ്ഞാനകേന്ദ്രത്തിലെ ഡോ. ലീനയുടെയും കിനാനൂർ-കരിന്തളം കൃഷിഭവൻ ഉദ്യോഗസ്ഥരുടെയും പ്രോത്സാഹനവും വനിതകളുടെ സ്ഥിരോത്സാഹവുമാണ് വിജയത്തിലേക്കു നയിച്ച ഘടകം. തെങ്ങുകയറ്റയന്ത്രത്തിൽ പരിശീലനം നേടാൻ ആഗ്രഹിക്കുന്നവർക്ക് പരിശീലനം നൽകാനും ഇവർ തയ്യാർ.

സ്വന്തം കാലിൽ നിൽക്കാൻ കുടുംബശ്രീയിൽനിന്ന് ലോണെടുത്ത് തയ്യൽയന്ത്രം വാങ്ങി വർഷങ്ങൾ കഴിഞ്ഞിട്ടും കടം അടച്ചുതീർക്കാൻ കഴിയാതിരുന്ന സീമയ്ക്കും കൂട്ടുകാർക്കും തെങ്ങയിടാൻ തുടങ്ങിയശേഷം തിരിഞ്ഞുനോക്കേണ്ടിവന്നിട്ടില്ല. പരിശീലനത്തിലൂടെ കുറച്ചു വനിതകൾക്കെങ്കിലും ജീവിതമാർഗം ഒരുക്കി നൽകിയത് 'ആത്മ'യുടെ പുണ്യം. (കാസർകോട് കിനാനൂർ കരിന്തളം കൃഷി ഓഫീസറാണ് ലേഖിക)